(ബി) 1960–61 രൂ. 57,28,541.75
1961–62 രൂ. 40,49,907.61
1962–63 രൂ. 60,40,730.05
1963–64 രൂ. 35,67,037.35
1964–65 രൂ. 34,69,695.05
1965–66 രൂ. 60,68,513.41
1966–67 രൂ. 48,84,847.61
1967–68 രൂ. 69,89,999.63
1968–69 രൂ. 91,83,795.10

(സി) ജാതി തിരിച്ചുള്ള കണക്കു ശേഖരിച്ചിട്ടില്ല.

ഗവൺമെൻറ് ക്വാർട്ടേഴ്സുകൾ

54 [963] ശ്രീ.പി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെൻറ് ക്വാർട്ടേഴ്സുകളിൽ വാടക കൊടുത്തു താമസിക്കുന്ന ഉദ്യോഗസ്ഥൻമാരിൽ ചിലർക്ക് വീട്ടുവാടക അലവൻസ് നിഷേധിച്ചിട്ടുള്ളതായി ഗവൺമെൻറിനറിവുണ്ടോ;

(ബി) ഇങ്ങനെ ചിലർക്കു മാത്രം ഈ അലവൻസ് നൽകാതിരിക്കുന്നതിനെ ഗവൺമെൻറിനെ പ്രേരിപ്പിച്ച സാഹചര്യങ്ങൾ ഏവ;

(സി) ഈ വിവേചനം അവസാനിപ്പിക്കാൻ നടപടികളെടുക്കുമോ?

ഉത്തരം

(എ), (ബി), (സി) വീട്ടുവാടക അലവൻസ് നൽകുന്നതിന് ചില പരിമിതികൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതിൻ പ്രകാരം വാടക കൂടാതെയോ ശമ്പളത്തിൻെറ പത്തു ശതമാനത്തോളമോ, സ്റ്റാൻഡേർഡ് റെൻറു അടിസ്ഥാനത്തിലോ വാടകയ്ക്ക് ഗവൺമെൻറ് കെട്ടിടങ്ങളിൽ താമസിക്കുന്ന ഉദ്യോഗസ്ഥൻമാർക്ക് വീട്ടുവാടക അലവൻസ് നൽകുന്നതിന് വ്യവസ്ഥയില്ല. ഇതിനു വിപരീതമായി ആർക്കെങ്കിലും വീട്ടുവാടക അലവൻസ് നൽകുന്നതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെടുത്തിയാൽ അതേപ്പറ്റി അന്വേഷിക്കാം.

തൃശ്ശൂർ മുൻസിപ്പാലിറ്റിയിലെ ഇലക്ട്രിസിറ്റി ജീവനക്കാർ

55 [965] ശ്രീ. എൻ. കെ. ശേഷൻ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തു മന്ത്രി സദയം മറുപടിനൽകുമോ:

തൃശ്ശൂർ മുൻസിപ്പാലിറ്റിയിലെ ഇലക്ട്രിസിറ്റി ജീവനക്കാർ ഉന്നയിച്ച പ്രശ്നങ്ങളുടെ പരിഹാരത്തിനായി മന്ത്രി നടത്തിയ ഒത്തുതീർപ്പു ശ്രമങ്ങൾ ഏതുവിധത്തിലാണു കലാശിച്ചതെന്ന് പറയാമോ?

ഉത്തരം

കഴിഞ്ഞമാസം 22, 23 എന്നീ തീയതികളിൽ നടന്ന ഒത്തുതീർപ്പു സംഭാഷണങ്ങളിൽ തൊഴിലാളികൾ ഉന്നയിച്ച പല ആവശ്യങ്ങളും അംഗീകരിക്കപ്പെട്ടു. ശേഷിക്കുന്നവ മുൻസിപ്പൽ കൗൺസിൽ ആദ്യം പരിശോധിക്കുക, പിന്നീട് ഗവൺമെൻറ് അതേപ്പറ്റി തീരുമാനിക്കുക എന്ന അടിസ്ഥാനത്തിലാണ് ഒത്തുതീർപ്പു ശ്രമങ്ങൾ അവസാനിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly